പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3744 23.08.2017 ൽ മറുപടിയ്ക്ക്

## പറളി സ്റ്റേഡിയം

ചോദ്യം

ശ്രീ.കെ.വി.വിജയദാസ്

മറുപടി

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | 2017-18 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പറളി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ; | എ) & ബി) | 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി പറളിയിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പറളി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ള സ്ഥലം, കായിക എഞ്ചിനീയറിംഗ് വിഭാഗം ചീഫ് എഞ്ചിനീയർ, കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോയുടെ പ്രതിനിധികൾ എന്നിവർ ചേർന്ന് സന്ദർശിക്കുകയും പറളി സ്റ്റേഡിയം നിർമ്മാണത്തിന്റെ കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കിറ്റ്കോ, കൺസപ്റ്റ് നോട്ട് തയ്യാറാക്കി, ഭരണാനുമതി നൽകിയ ശേഷം ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബി അംഗീകാരം ലഭ്യമായാലുടൻ പ്രവൃത്തി ആരംഭിക്കുകയും ചെയ്യുന്നതാണ്. |
| ബി) | ഈ സാമ്പത്തിക വർഷം തന്നെ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ